


## വിചിന്തനം

ഒക്ടോബർ 2023

ഉഗാണ്ടയിൽ സംഘടിപ്പിച്ച ഒരു ജീസസ് യൂത്ത് മിഷൻ പരിപാടിയുടെ ഭാഗമായി ഒരു ഗ്രാമത്തിൽ വചനം പങ്കുവച്ചു മടങ്ങിവരികയായിരുന്നു ആ ചെറുപ്പക്കാരൻ. വഴിയിൽവച്ച് അവനെ ഒരു സംഘം തടഞ്ഞു. കൈയിലുണ്ടായിരുന്ന പണം തട്ടിപ്പറിക്കാനുള്ള ശ്രമത്തിൽ അവർ അവനെ ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. പരിപാടിയുടെ അവലോകനസമയത്ത് ഈ അനുഭവം പങ്കുവച്ചപ്പോൾ എല്ലാവരും ഭയന്നു പോയെങ്കിലും അവൻ കൂട്ടിച്ചേർത്ത ഒരു വാചകം ഏവരെയും സ്പർശിക്കുന്നതായി. ''യേശുവിനെപ്പറ്റി കേട്ട ആ ഗ്രാമവാസികളുടെ മുഖത്തെ സന്തോഷമോർക്കുമ്പോൾ ഞാൻ നേരിട്ട അക്രമം എനിക്ക് ഒരു പ്രശ്നമായി തോന്നുന്നേയില്ല''. ഈ വാചകം കേട്ടപ്പോൾ എന്റെ മനസ്സിലേക്ക് കടന്നുവന്നത് യേശുവിന്റെ മലയിലെ പ്രസംഗത്തിലെ ഭാഗമാണ്. ''എന്നെ പ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിൻമകളും നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാർ. നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുൻപുണ്ടായിരുന്ന പ്രവാചകൻമാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്''. (മത്തായി 5,11-12)

ജീവൻ നൽകുന്ന സുവിശേഷം പങ്കുവയ്ക്കുക എളുപ്പമുള്ള ഒരുകാര്യമായിരിക്കുമെന്ന് ക്രിസ്തു ഒരിക്കലും വാഗ്ദാനം ചെയ്തിട്ടില്ല. എന്നാൽ എല്ലാ പ്രയാസങ്ങളുടെയും നടുവിൽ സന്തോഷത്തോടെ മുന്നോട്ടു പോകാനുള്ള കരുത്താണ് അവൻ നമുക്കു നൽകുന്നത്. കാരണം, അവൻ ലോകത്തെ കീഴടക്കിയിരിക്കുന്നു. (യോഹ 16, 33). ക്രിസ്തുവാഹകനാകുന്നതിലുള്ള ആനന്ദവും നമ്മുടെ പ്രേഷിതജീവിതത്തിലൂടെ മറ്റുള്ളവർ ആസ്വദിക്കുന്ന വിടുതലും സുവിശേഷ പ്രഘോഷണത്തിൽ നാം നേരിടുന്ന വെല്ലുവിളികളെ മറികടക്കുന്നുണ്ടോ എന്നാണ് നാം ആത്മശോധന ചെയ്യേണ്ടത്.

പത്രോസിനെയും യോഹന്നാനെയും സംബന്ധിച്ച് ഇതു വളരെ ശരിയാണെന്ന് അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങളിൽ നാം കാണുന്നുണ്ട്. ''അവരാകട്ടെ, യേശുവിന്റെ നാമത്തെപ്രതി അപമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ട് സംഘത്തിന്റെ മുമ്പിൽ നിന്ന് പുറത്തുപോയി. എല്ലാദിവസവും ദേവാലയത്തിൽവച്ചും ഭവനംതോറുംചെന്നും യേശുവാണ് ക്രിസ്തു എന്ന് പഠിപ്പിക്കുന്നതിലും പ്രസംഗിക്കുന്നതിലും നിന്ന് അവർ വിരമിച്ചില്ല.'' (അപ്പ പ്രവ 5,41-42) ക്രിസ്തുവിനെ തൂക്കിലേറ്റാൻ വിധിച്ച അതേ സംഘമാണ് ക്രിസ്തുവിനെപ്പറ്റി പ്രസംഗിക്കുന്നതിനെതിരെ അവരെ താക്കീത് ചെയ്തത്. എന്നാൽ ആ താക്കീത് തെല്ലും വകയ്ക്കാതെ, അൽപം കാത്തുനിൽക്കുകപോലും ചെയ്യാതെ അവർ പരസ്യമായിത്തന്നെ ക്രിസ്തുവിനെപ്പറ്റി പ്രസംഗിക്കുകയാണ്. എന്തുകൊണ്ട്? ഇത് അവർക്ക് എങ്ങനെ സാധിച്ചു!? ഇവിടെയാണ് മിഷന്റെ സാരാംശം. ക്രിസ്തു ഹൃദയത്തിലുള്ളയാൾക്ക് അവനെക്കുറിച്ച് സംസാരിക്കാതെ വയ്യ. പത്രോസിനെയും യോഹന്നാനെയും സംബന്ധിച്ച് ക്രിസ്തു എല്ലാറ്റിനും ഉപരിയായിക്കഴിഞ്ഞിരുന്നു. ജെറമിയ പ്രവാചകന്റെ അനുഭവംപോലെ (20,9) ക്രിസ്തുവിന്റെ വാക്കുകൾ ഇവരുടെയുള്ളിൽ തീയായി പടർന്നു. ഈ തീയാൽ ജ്വലിച്ച പൗലോസ് പിന്നീട് പറയുന്നത് ''ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!'' (1 കോറി 9,16) എന്നാണല്ലോ!

സ്നേഹംമാത്രം സത്തയായിരിക്കുന്ന ദൈവം മനുഷ്യർക്കായി സ്വയം നൽകുന്നു. ആ സ്നേഹം എന്നിലൂടൊഴുകുന്നില്ലെങ്കിൽ ഞാൻ ദൈവത്തെ ചുറ്റുമുള്ളവർക്കു നിഷേധിക്കുകയാണ്. അതിനാൽ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം. സഭ അതിന്റെ സ്വഭാവത്താൽ തന്നെ മിഷനറിയാണ്. സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ സഭയുടെ മിഷനറി അസ്ഥിത്വത്തിൽനിന്ന് ഞാൻ എന്നെത്തന്നെ അകറ്റിനിർത്തുന്നതിനു തുല്യമാകും. അതിനാലാണ് സുവിശേഷം പ്രസംഗിക്കാത്തത് എനിക്ക് ദുരിതമായി ഭവിക്കുന്നത്. ജോൺ പോൾ രണ്ടാമൻ പാപ്പ പഠിപ്പക്കുന്ന പോലെ ''സഭയുടെ ചരിത്രത്തിൽ പ്രേക്ഷിത ചൈതന്യം എന്നും ഊർജസ്വലതയുടെ അടയാളമാണ്, അതിന്റെ കുറവാകട്ടെ വിശ്വാസ പ്രതിസന്ധിയുടെ അടയാളവും''
(RM # 2)

അവഹേളനങ്ങളും പീഡനങ്ങളും സഭയുടെ പ്രേക്ഷിത യാത്രയിലെ അവിഭാജ്യഭാഗമായിരുന്നു.
എന്നും അങ്ങനെതന്നെയായിരിക്കുകയും ചെയ്യും. സത്യത്തിന്റെ വൈരികൾ നടത്തിയ അവഹേളനങ്ങളെ തങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവിലൂടെ ആനന്ദത്തിന്റെ അനുഭവമാക്കി മാറ്റിയ അപ്പസ്തോലൻമാരെ നമുക്ക് മാതൃകയാക്കാം. സ്വർഗത്തിലേക്ക് നോക്കി ദൈവമഹത്വത്തിൽ ദൃഷ്ടിയുറപ്പിച്ച വിശുദ്ധ സ്റ്റീഫൻ തനിക്കുനേരെ വന്ന കല്ലുകളെ നിസ്സാരമായി കരുതി! തനിക്കുനേരെ തുപ്പിയ വ്യക്തിയോട് വാൽസല്യത്തോടെ മദർ തെരേസ പറഞ്ഞത് ഓർമയില്ലേ? ''എനിക്കുള്ളതായി, ഇനി ആ പാവപ്പെട്ടവർക്ക് കഴിക്കാൻ എന്തെങ്കിലും തന്നുകൂടേ!?''

പ്രേഷിതചൈതന്യത്തിൽ പ്രകാശിതമാകേണ്ട നമ്മിലെ വിശ്വാസത്തിന്റെ ഊർജസ്വലതയെക്കുറിച്ച് ധ്യാനിക്കാൻ ഈ മിഷനറി മാസം നമ്മെ ക്ഷണിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹം നമ്മുടെയുള്ളിൽ ജ്വലിക്കുന്നുണ്ടോ? അവഹേളത്തെ ക്കുറിച്ചുള്ള ഭയം നാം ആയിരിക്കേണ്ടതിൽനിന്ന് നമ്മെ അകറ്റുകയാണോ? നമ്മിൽ ഓരോരുത്തരിലും തുടങ്ങി മുന്നേറ്റത്തിലുടനീളം വ്യാപിക്കുന്ന പുതിയൊരു മിഷനറി ചൈതന്യത്തിനായി നമുക്കു പ്രാർഥിക്കാം. നമ്മിലെ മിഷറി അസ്ഥിത്വം കണ്ടെത്തി തേച്ചുമിനുക്കി യഥാർഥ കത്തോലിക്കാ വിശ്വാസിയും ജീസസ് യൂത്തുമായി മാറാൻ മിഷൻ 2033 നമ്മെ സഹായിക്കട്ടെ.

സന്തോഷ് മാത്യു

---

ജീസസ് യൂത്ത് അന്തർദേശീയ കൗൺസിലിന്റെ അനിമേറ്ററും ആഫ്രിക്കൻ മിഷന്റെ കോഓർഡിനേറ്ററുമായ സന്തോഷ് ബിസിനസ്സുകാരനാണ്. ഭാര്യയും നാലു മക്കളോടുമൊപ്പം യുഎഈയിലെ ഷാർജയിൽ താമസം.